ഇന്ത്യയിലും വിദേശത്തും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് ഭാഷാ വ്യാപനം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

മലയാള ഭാഷാ വ്യാപനവും പരിപോഷണവും സംബന്ധിച്ച ബിൽ നിയമസഭ പാസ്സാക്കിയിട്ടുണ്ട്.

അവശകലാകാരൻമാർക്ക് സഹായം

80 (1454) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാ-സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്നവരും പ്രായാധിക്യവും രോഗങ്ങളുംമൂലം അവശതയനുഭവിക്കുന്നവരുമായ നിർദ്ധനരെ സഹായിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ; ഈ ഇനത്തിൽ എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം രോഗികളായവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ; ചേർത്തല താലൂക്കിൽ ഈ ഇനത്തിൽ സാമ്പത്തിക സഹായം ലഭിച്ച കലാകാരന്മാരും സാംസ്കാരിക പ്രവർത്തകരും ആരെല്ലാമാണെന്നും അവർക്ക് ലഭിച്ച തുക എത്ര വീതമാണെന്നും വിശദമാക്കാമോ;

(സി) കലാരംഗത്ത് ദീർഘകാലം പ്രവർത്തിക്കുകയും ഗുരുതരമായ രോഗം ബാധിക്കുകയും ചെയ്തവർ ചികിത്സക്കും ജീവിതവൃത്തിയ്ക്കും വകയില്ലാതെ വിഷമിക്കുന്ന സാഹചര്യത്തിൽ ഇവരെ സഹായിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കലാസാംസ്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്നവരും പ്രായാധിക്യവും രോഗങ്ങളുംമൂലം അവശതയനുഭവിക്കുന്നവരുമായ നിർദ്ധനരെ സഹായിക്കുവാൻ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖാന്തരം കലാകാര പെൻഷൻ, അടിയന്തര ചികിത്സാ ധനസഹായം എന്നിവ നൽകുന്നുണ്ട്. അർഹരായ 3020 പേർക്ക് 750 രൂപ വീതം പ്രതിമാസ ധനസഹായം നൽകുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷം കലാകാര പെൻഷൻ ഇനത്തിൽ 2,66,85,000 രൂപയും അടിയന്തര ചികിത്സാ ധനസഹായ ഇനത്തിൽ 10,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് കലാസാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരും പ്രവർത്തിച്ചിരുന്നവരുമായവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകി ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനായി കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ക്ഷേമപ്രവർത്തനങ്ങൾക്കായി ബോർഡിന് നാളിതുവരെ സർക്കാർ ആകെ 3,41,40,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) രോഗികളായ കലാകാരൻമാർക്ക് അടിയന്തര ചികിത്സാ ധനസഹായം ലഭിക്കുന്നതിന് വെള്ള പേപ്പറിൽ രേഖപ്പെടുത്തിയ അപേക്ഷ, വരുമാനം തെളിയിക്കുന്ന രേഖകൾ, വയസ്സ് തെളിയിക്കുന്ന രേഖകൾ, കലാരംഗം സംബന്ധമായ സർട്ടിഫിക്കറ്റുകൾ, മരുന്നുവാങ്ങിയത് സംബന്ധിച്ച കുറിപ്പടികൾ എന്നിവ സഹിതം ബന്ധപ്പെട്ട അക്കാദമിയിൽ അപേക്ഷ സമർപ്പിക്കുകയാണ് വേണ്ടത്. സാംസ്കാരിക വകുപ്പിൽനിന്നും നടപ്പുസാമ്പത്തിക വർഷം ഈ ഇനത്തിൽ ധനസഹായം കൈപ്പറ്റിയതിൽ ചേർത്തല താലൂക്കിൽ ഉൾപ്പെട്ടവർ ആരും ഇല്ല.

2013-ലെ കേരള സാംസ്കാരിക ക്ഷേമനിധി പദ്ധതി വ്യവസ്ഥകൾ പ്രകാരം, ഒരു നിശ്ചിത കാലയളവിൽ ക്ഷേമനിധിയിൽ അംശദായം അടച്ചിരിക്കണമെന്ന വ്യവസ്ഥകൾക്കുവിധേയമായി ക്ഷേമനിധി അംഗങ്ങൾക്ക് ചികിത്സയ്ക്ക് ധനസഹായമായി ഒറ്റത്തവണ 25,000 രൂപ നൽകാവുന്നതാണ്. എന്നാൽ ക്യാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ ചികിത്സാ ചെലവുകൾ നേരിടുന്നതിനായി അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 75,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതിനും വ്യവസ്ഥയുണ്ട്. ചേർത്തല താലൂക്കിൽനിന്നും ക്ഷേമനിധി അംഗമായിട്ടുള്ള ശ്രീ. സൈഫുദ്ദീൻ എന്ന കലാകാരന് 25,000 രൂപ ചികിത്സാ സഹായമായി ക്ഷേമനിധിയിൽനിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖാന്തിരം കലാകാര പെൻഷൻ, ചികിത്സാ ധനസഹായം എന്നിവയ്ക്കുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ധനസഹായ വിതരണം നടത്തിവരുന്നു.

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്ഥിതിക്ക് വിധേയമായി ക്ഷേമപദ്ധതി വ്യവസ്ഥകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ കൈക്കൊള്ളുന്നുണ്ട്.